# ഓർമ്മയുടെ തിരി നീളുമ്പോൾ



★

എൽ. കെ. അദ്കാർ, I B. Sc.

മാനത്ത് മഴവില്ലിൻ കൊടിപോലെ – നീയെൻ
മാനസ വാനിലണഞ്ഞല്ലോ,
മരതകത്തോപ്പിലെ മയിൽപോലെ – വന്നെൻ
മനതാരിൽ പീലി വിടർത്തല്ലോ.

ഒന്നും പറയാതെയെല്ലാം പറയുന്ന
കണ്ണിണക്കോണിനാൽ കവിതവിരിപ്പിച്ചും
പൊന്നുഷസ്സന്ധ്യമയങ്ങിയ പോലവെ
മിന്നുന്ന കനകക്കവിളിണ കാട്ടിയും
മായല്ലെ – ദേവി – മറയല്ലേ.

മാനത്തിന്നമ്പിളിക്കലപോലെ – നിന്റെ –
ചേലൊത്ത പുഞ്ചിരിപ്പൂവാലെ,
കദനക്കടലലതിങ്ങിയ – എന്റെ
ഖൽബ് കളപ്പിച്ച കണ്ണേ നീ (മാനത്ത്........)

താമരപ്പൂവൊത്ത തവമെയ്യഴകിനാൽ
മാമകമാനസം പുളകം കൊണ്ടനേരം,
പൊന്നുകിനാക്കളൊളിഞ്ഞുള്ള മിഴികളിൽ
കണ്ണീർക്കണങ്ങളണിയിച്ചുകൊണ്ടു നീ–
വന്നല്ലോ – മമമുന്നിൽ – നിന്നല്ലോ.

നാടിന്നും നാഴികപ്പുറം – നമ്മൾ
കാടും മലയും കയറുമ്പോൾ
പാടിയ ഗാനത്തിൻ നൊമ്പരം – ഇന്നും
ഓടിയെന്നുള്ളിലെത്തുന്നുണ്ടേ!

കളിവള്ളം തന്നിൽ നീ കയറിയിരുന്നേരം
കളിയായിപ്പുലത്തുമുരിയാടിയന്നു ഞാൻ,
കരളിന്റെ തന്ത്രിയിൽ നോവ് നിറഞ്ഞപോൽ
കരളേ നിൻ കണ്ണു നിറഞ്ഞതു കണ്ടു ഞാൻ,
കേഴണ്ടാ – ദേവി – കരയണ്ടാ (മാനത്ത്……..)

അഴകിന്റെയഴകേ നിന്നരികിലെ – എന്നും –
അഴലിന്റെയലകളടുക്കല്ലേ,
പൂങ്കാററിലാലോല മാടുന്ന – മുല്ല –
പൂങ്കരൾ നോവിക്കാൻ നോക്കല്ലേ.

ചിത്തത്തിലായിരമാശകൾ തന്റെ –
കൈത്തിരി കത്തിത്തിളങ്ങുന്നുണ്ടെന്റെ,
ഇത്തിരിനാളു് കഴിഞ്ഞോട്ടെ നിന്റെ –
പുഞ്ചിരി കാണാനണഞ്ഞെത്തും ഞാനെ,ന്റെ
പൊന്നല്ലേ – നീയെൻ – പൊരുളല്ലേ?

(മാനത്ത്……..)